## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.187** **16.08.2017-ൽ മറുപടിയ്ക്ക്**

### കെ.എസ്.എഫ്.ഇ. നവീകരണത്തിനായി പദ്ധതി

| | ചോദ്യം<br><br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | മറുപടി<br><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കിഫ്ബിയുടെ മുഖ്യധനസമാഹരണ സ്രോതസ്സായി വിഭാവനം ചെയ്തിട്ടുള്ള കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഇല്ല. പ്രവാസി ചിട്ടി തുടങ്ങുന്നതിന് കേന്ദ്ര ചിറ്റ് ഫണ്ട് ആക്ടിലെ ചില ചട്ടങ്ങളിൽ റിസർവ് ബാങ്കിന്റെ അനുമതിയോടെ ഇളവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ ഇത് സംബന്ധിച്ച കൂടിയാലോചനകളും സാങ്കേതിക പ്രവർത്തനങ്ങളും സത്വരമായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അധികം താമസിയാതെതന്നെ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രവാസി ചിട്ടി ആകർഷകമാക്കുന്നതിനും നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | കേന്ദ്ര ചിട്ടി ആക്ട് 1982 ഉം കേരള ചിട്ടി റൂൾസ് 2012 ഉം അനുസരിച്ചാണ് പ്രവാസി ചിട്ടി തുടങ്ങുന്നത്. അതിനാൽ നിയമപരമായ എല്ലാ പരിരക്ഷയും പ്രവാസി ചിട്ടികൾക്കുണ്ട്. അതിനു പുറമെ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമായ കെ.എസ്.എഫ്.ഇ. നടത്തി വരുന്ന മറ്റ് ചിട്ടികൾക്കുള്ള അതേ സുരക്ഷിതത്വം പ്രവാസി ചിട്ടികൾക്കും ഉണ്ടായിരിക്കുന്നതാണ്. പ്രവാസി ചിട്ടികൾക്ക് പ്രത്യേകം നൽകേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് ചർച്ചകൾ നടന്നുവരുന്നു. |
| (സി) | കെ.എസ്.എഫ്.ഇ.യുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ? | (സി) | കെ.എസ്.എഫ്.ഇ.യുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. 33 ലക്ഷത്തോളം ഇടപാടുകാരും 33,225 കോടിയുടെ വാർഷിക വിറ്റുവരവും (2017 ജൂൺ 30 ന്റെ കണക്കനുസരിച്ച്) നിലവിലുണ്ട്. നിലവിൽ 568 ബ്രാഞ്ചുകളാണുള്ളത്. പ്രവാസി |

| | | | |
|---|---|---|---|
| | | | ചിട്ടികൾ ആരംഭിക്കുന്നതോടുകൂടി കെ.എസ്.എഫ്.ഇ.യിൽ സമഗ്രമായി ഒരു വളർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വളർച്ചയെ ഉൾക്കൊള്ളാനാവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നത് സംബന്ധിച്ച ആലോചനകൾ നടന്നുവരുന്നു. ഉത്സവകാല ചിട്ടികൾ തിരിച്ചു കൊണ്ടുവന്നു. പൊന്നോണച്ചിട്ടികൾ, പുതുവർഷച്ചിട്ടികൾ എന്നിങ്ങനെ സമ്മാനത്തോടു കൂടിയ ബ്രാന്റഡ് ചിട്ടികൾ വിജയപ്രദമായി നടപ്പിലാക്കി. കെ.എസ്.എഫ്.ഇ.യുടെ മുഴുവൻ ശാഖകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോർസൊല്യൂഷൻ സോഫ്റ്റ് വെയർ ആയ CASBA (Core Application Software for Business Accounting) നടപ്പിലാക്കി. സ്ഥാപനത്തിന്റെ ആസ്ഥാന മന്ദിരം മോടി പിടിപ്പിക്കുക, ലോഗോ മാറ്റം, സൈൻ ബോർഡ് തുടങ്ങി എല്ലാത്തരത്തിലുമുള്ള നവീകരണ പ്രവർത്തനങ്ങളും പുതിയ ബിസിനസ്സ് മേഖലകൾ കണ്ടെത്തുവാനുള്ള അന്വേഷണങ്ങളും ആവിഷ്കരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**